രുചിയുള്ള വിഭവം

■ റഫീഖ് പന്നിയങ്കര

പുഷ്പനഗരി എന്ന ദേശത്ത് ഭക്ഷണപ്രിയനായ ഒരു ധനികൻ ജീവിച്ചിരുന്നു. ധനികന്റെ പ്രധാന വിനോദം എപ്പോഴും എന്തെങ്കിലുമൊക്കെ കഴിച്ചുകൊണ്ടിരിക്കുക എന്നതായിരുന്നു. ഭക്ഷണം പാകം ചെയ്യാൻ വേണ്ടി മാത്രം ദൂരെ ദേശത്തുനിന്നും അതിവിദഗ്ധനായ ഒരു പാചകക്കാരനെ അദ്ദേഹം തന്റെ ബംഗ്ലാവിൽ പാർപ്പിച്ചിട്ടുണ്ട്.

വിവിധ തരം പാചകക്കൂട്ടുകളുമായി പാചകക്കാരൻ വ്യത്യസ്തമായ വിഭവങ്ങൾ നിത്യേന പാകംചെയ്തു പോന്നു. നേരം നോക്കാതെ മൂക്കറ്റം തിന്ന് ഏമ്പക്കം വിട്ട് സന്തോഷത്തോടെ ദിനങ്ങൾ തള്ളിനീക്കി ധനികൻ.

ഇന്ത്യയുടെ പ്രഥമ അന്റാർട്ടിക്കൻ പര്യവേക്ഷണ സംഘത്തിന്റെ തലവൻ– ഡോ.എസ്. ഇസഡ്. ഖാസിം

പക്ഷേ, കാലം കടന്നുപോയപ്പോൾ പാചകക്കാരന്റെ ഭക്ഷണത്തിനൊന്നും രുചി പോരെന്ന പരാതിയായി ധനികന്.

ഇക്കാര്യം പലപ്പോഴും പാചകക്കാരനോട് ദേഷ്യത്തിൽ അറിയിക്കുകയും ചെയ്തു ധനികൻ.

പാചകക്കാരന് സഹികെട്ടു. ഏതെല്ലാം തരത്തിലുള്ള വിഭവങ്ങളാണ് ഓരോ ദിവസവും ഉണ്ടാക്കുന്നത്! എന്നിട്ടും പരാതി കേൾക്കുമ്പോൾ പാചകക്കാരന് ഉള്ളിൽ അരിശം വരും.

“യജമാനനേ.. താങ്കൾക്ക് വിശപ്പില്ലാത്തതുകൊണ്ടാണ് ഭക്ഷണത്തിന് രുചി തോന്നാത്തത്.”

വിനയത്തോടെ പാചകക്കാരൻ പറഞ്ഞപ്പോൾ ധനികൻ പൊട്ടിച്ചിരിച്ചു:

“വിശപ്പോ... എന്താണത്? ഞാൻ ജീവിതത്തിൽ കേൾക്കാത്ത സംഗതിയാണല്ലോ..”

പാചകക്കാരൻ ഒന്നും മിണ്ടിയില്ല. ധനികനാവട്ടെ പരാതി രൂക്ഷമായി തുടർന്നു പോന്നു. ഭക്ഷണത്തിന് രുചിയില്ലെങ്കിൽ തന്നെ ജോലിയിൽ നിന്നും പിരിച്ചുവിടുമെന്ന് ഒരു ദിവസം ഭീഷണിപ്പെടുത്തുകയും ചെയ്തു.

ഇതുകേട്ട് പാചകക്കാരൻ അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു:

“യജമാനൻ അനുവദിക്കുകയാണെങ്കിൽ ലോകത്തിലെ ഏറ്റവും രുചിയുള്ള ഒരു വിഭവം ഇന്ന് ഞാനുണ്ടാക്കിത്തരാം. പക്ഷേ, അൽപ്പം സമയക്കൂടുതൽ വേണം. ഇടയ്ക്ക് അതു വേണം, ഇതുവേണം എന്നാവശ്യപ്പെട്ട് എന്നെ വിളിക്കരുത്.”

ധനികൻ സന്തോഷത്തോടെ സമ്മതിച്ചു. ലോകത്തിലെ തന്നെ ഏറ്റവും രുചികരമായ വിഭവത്തിന് അൽപ്പം കാത്തിരുന്നാലെന്താ..

രാവിലെത്തന്നെ പാചകക്കാരൻ തന്റെ ജോലി തുടങ്ങി.

ഉറക്കമെഴുന്നേറ്റ ഉടനെ ധനികൻ കുറച്ചു വെള്ളം മാത്രമാണ് കുടിച്ചത്.

പ്രഭാതഭക്ഷണം കാണാതായപ്പോൾ ധനികൻ അക്ഷമനായി.

ഇന്ന് പ്രാതൽ ഇല്ല. താൻ പ്രത്യേക വിഭവത്തിന്റെ ജോലിയിലാണെന്ന് പാചകക്കാരൻ ധനികനെ അറിയിച്ചു.

ഓഹ്... ഇന്നൊരു ദിവസം പ്രാതൽ ഇല്ലെങ്കിലും കുഴപ്പമില്ല. രുചികരമായ വിഭവം തയ്യാറാവുകയല്ലേ..

ധനികൻ സമാധാനിച്ചു.

പത്തുമണിക്കുള്ള പാൽക്കഞ്ഞി, പതിനൊന്നു മണിക്കുള്ള പഴനീര്, പന്ത്രണ്ടു മണിക്കുള്ള ഇനം.. ഇതൊന്നും കാണാതായപ്പോൾ ധനികൻ അസ്വസ്ഥനായി.

പാചകക്കാരൻ അപ്പോഴൊക്കെ കൂടുതൽ സൗമ്യനായി.

നേരം പോയ്ക്കൊണ്ടേയിരുന്നു. ധനികൻ വിശപ്പിനാൽ തളർന്നു.

അന്നേരം പാചകക്കാരൻ ധനികനെ തീന്മേശയിലേക്ക് ക്ഷണിച്ചു.

അവിടെ എന്തെല്ലാം വിളമ്പി വെച്ചിട്ടുണ്ടെന്ന് കണ്ണുതുറന്നു കാണാനുള്ള സാവകാശമൊന്നും ധനികനുണ്ടായിരുന്നില്ല.

പാചകക്കാരൻ അദ്ദേഹത്തിന് മുമ്പിൽ വെച്ച തളികയിലേക്ക് വിഭവം വിളമ്പി.

പതുക്കെ അതാസ്വദിച്ചു കഴിക്കാൻ തുടങ്ങി ധനികൻ.

“വൗ... എന്തൊരു രുചിയാണീ വിഭവത്തിന്! ഇത്രയും കാലം ഇതെനിക്ക് ഉണ്ടാക്കിത്തരാതിരുന്നതെന്താ...”

ധനികൻ പരിഭവപ്പെട്ടു.

പാചകക്കാരൻ അന്നേരം മനസ്സിൽ പറഞ്ഞു:

“ഇത് താങ്കൾ എന്നും കഴിക്കുന്ന വിഭവം തന്നെയാണ് യജമാനനേ.. പക്ഷേ, ഇന്ന് താങ്കൾക്ക് വിശപ്പുണ്ട്. ആയതിനാൽ രുചിയുമുണ്ടാവും.”

മലർവാടി

Silver Hills, Kozhikode
Pin: 673012, Ph: 0495 2732 555
Email: malarvadicrc@gmail.com

വരിസംഖ്യ

1 വർഷം	350
2 വർഷം	700

Federal Bank
Nadakavu Branch
Current A/C No. 13000200015001
IFSC Code: FDRL0001300

ബാങ്കിൽ പണമടക്കുന്നവർ ഏജൻസി നമ്പറും പേരും, ഹൽഖയാണെങ്കിൽ ഹൽഖയുടെ കോഡും പേരും, തപാൽ വരിക്കാരനാണെങ്കിൽ വരിനമ്പറും പേരും എഴുതേണ്ടതാണ്.

ഇന്ത്യയിലെ ആദ്യത്തെ ടി.വി സീരിയൽ– ഹം ലോഗ്(1984)